


കഥ:
അനന്തപത്മനാഭൻ




പാസ്റ്റർനാക്കിന്
ഒരെഴുത്ത്



ഷിനാസിന്റെ
ട്രംപ് വിമർശം

2026 ജൂലായ് 05 • വില ₹ 40

# മാതൃഭൂമി
ആഴ്ചപ്പതിപ്പ്




## ആരാണ് മുറിച്ചുകടക്കുന്നത്?
പ്രസൂൺ കിരൺ

ചുള്ളിക്കാടിന്റെ സൗന്ദര്യലഹരി

എംടി കണ്ട യക്ഷി: കാനായി കുഞ്ഞിരാമൻ

ദിനോസറുകൾ വാണ കാലം: കുശല രാജേന്ദ്രൻ





### മനുഷ്യരും വന്യജീവികളും

# അപഹരിക്കപ്പെട്ട ആനത്താരകൾ

### പ്രസൂൺ കിരൺ

**മനുഷ്യ-വന്യജീവി സംഘർഷം കേരളത്തിൽ തുടർക്കഥയാണ്. കാട്ടാനകൾ നാട്ടുവഴികളിലിറങ്ങുന്നു എന്ന മുറവിളി വ്യാപകമാണ്. വാസ്തവത്തിൽ അത് നാട്ടുവഴികളാണോ? ആനത്താരകൾ വന്യജീവികളുടെ പാതകളാണ്. അത് അവയ്ക്ക് നഷ്ടമായിരിക്കുന്നു. പാതകളില്ലാതാവുമ്പോൾ മൃഗങ്ങൾ മറ്റു പാതകൾ കണ്ടെത്തുന്നു. അപഹരിക്കപ്പെട്ട ആനത്താരകളിലൂടെ സഞ്ചരിക്കുകയാണ് ഈ വസ്തുതാന്വേഷണം.**

**മാതൃഭൂമി ആഴ്ചപ്പതിപ്പ്**
ആഴത്തിലുള്ള വായന ആഴ്ചതോറും
2026
**ജൂലായ് 05**
ലക്കം വില്പനയിൽ



# അപഹരിക്കപ്പെട്ട ആനത്താരകൾ

**ഫോട്ടോകളും എഴുത്തും: പ്രസൂൺ കിരൺ**

മനുഷ്യ- വന്യജീവി സംഘർഷം കേരളത്തിൽ തുടർക്കഥയാണ്. കാട്ടാനകൾ നാട്ടുവഴികളിലിറങ്ങുന്നു എന്ന മുറവിളി വ്യാപകമാണ്. വാസ്തവത്തിൽ അത് നാട്ടുവഴികളാണോ? ആനത്താരകൾ വന്യജീവികളുടെ പാതകളാണ്. അത് അവയ്ക്ക് നഷ്ടമായിരിക്കുന്നു. പാതകളില്ലാതാവുമ്പോൾ മൃഗങ്ങൾ മറ്റു പാതകൾ കണ്ടെത്തുന്നു. അപഹരിക്കപ്പെട്ട ആനത്താരകളിലൂടെ സഞ്ചരിക്കുകയാണ് ഈ വസ്തുതാന്വേഷണം.

നീലഗിരി ബയോസ്ഫിയർ റിസർവ് കേരളം, കർണാടക, തമിഴ്നാട് എന്നി മൂന്നു സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന, രാജ്യത്തെ ഏറ്റവും സമൃദ്ധമായ വനശൃംഖലകളിലൊന്നാണ്. പശ്ചിമഘട്ടവും പൂർവഘട്ടവും ഡക്കാൻ പീഠഭൂമിയും സംഗമിക്കുന്ന ഈ ഭൂപ്രദേശം 5500 ചതുരശ്രകിലോമീറ്ററിൽ വയനാട്, ബന്ദിപ്പൂർ, നാഗർഹോളെ, മുതുമലൈ, സത്യമംഗലം എന്നി വനമേഖലകളെ ഉൾക്കൊള്ളുന്നു. ഇവിടെ ബ്രഹ്മഗിരിയിലെ തലക്കാവേരിയിൽനിന്നാണ് 765 കിലോമീറ്റർ സഞ്ചരിച്ച് ബംഗാൾ ഉൾക്കടലിൽ ലയിക്കുന്ന, രണ്ടു സംസ്ഥാനങ്ങളിലെ കോടിക്കണക്കിന് മനുഷ്യർക്ക് കുടിവെള്ളം നൽകുന്ന കാവേരിനദി ഉദ്ഭവിക്കുന്നത്.

കാവേരിയുടെ പോഷകനദിയായ കബനി വയനാട്ടിൽനിന്ന് കിഴക്കോട്ടൊഴുകുന്നു. വയനാട് വന്യജീവിസങ്കേതം, നോർത്ത് വയനാട് ഡിവിഷൻ, സൗത്ത് വയനാട് ഡിവിഷൻ, കൊട്ടിയൂർ വന്യജീവിസങ്കേതം, ആറളം വന്യജീവിസങ്കേതം, കണ്ണൂർ ഡിവിഷൻ തുടങ്ങിയ മേഖലകൾ ഉൾപ്പെടുന്ന 1138 ച.കി.മീറ്റർ വരുന്ന വയനാട് ഭൂമിക ഏഷ്യൻ ആനകളുടെയും കടുവയുടെയും മികച്ച ആവാസവ്യവസ്ഥകളിലൊന്നാണ്. പാരിസ്ഥിതികമായും സാമൂഹികമായും അതിവ പ്രാധാന്യമുള്ള ഒരിടമായി ഈ ഭൂപ്രദേശം മാറുന്നത് ഈ പശ്ചാത്തലങ്ങളിലാണ്.

പൂർണമായും വനത്താൽ ചുറ്റപ്പെട്ട 750-ലധികം ഗ്രാമങ്ങൾ സംസ്ഥാനത്തുണ്ട്. വനവും വനാതിർത്തിയുമുൾപ്പെടുന്ന പതിനായിരം കിലോമീറ്ററിലധികം വരുന്ന റോഡുകൾ, സംരക്ഷിതവനത്തിലൂടെ ദിനേനയുള്ള മനുഷ്യസഞ്ചാരങ്ങൾ, ലക്ഷത്തിലധികം വരുന്ന വാഹനങ്ങൾ, വനത്തിനും സെറ്റിൽമെന്റുകൾക്കും എസ്റ്റേറ്റുകൾക്കും റിസോർട്ടുകൾക്കുമുൾപ്പെടെയുള്ള വൈദ്യുതവേലികൾ, വനത്തിനകത്തും വനാതിർത്തിയിലുമുള്ള പതിനായിരക്കണക്കിന് ഹെക്ടർ കൃഷിയിടങ്ങൾ, 12,291 ഏക്കർ വരുന്ന വനംകൈയേറ്റങ്ങൾ, മൂന്നരലക്ഷം ഏക്കറോളം വരുന്ന സർക്കാർ-സ്വകാര്യ പ്ലാന്റേഷനുകൾ, ഇക്കോടൂറിസം കേന്ദ്രങ്ങൾ, വ്യവസായസ്ഥാപനങ്ങൾ, റിസോർട്ടുകൾ, പാർക്കുകൾ, സ്കൂളുകളും ആരാധനാലയങ്ങളുമുൾപ്പെടുന്ന കെട്ടിടങ്ങൾ തുടങ്ങി എണ്ണമറ്റ കാരണങ്ങളാൽ തുടർച്ച നഷ്ടമായതാണ് സംസ്ഥാനത്തെ കാട്ടാനകളുൾപ്പെടുന്ന വന്യജീവികളുടെ സഞ്ചാരപാതകൾ.



ബ്രഹ്മഗിരിയുടെ താഴ്വാരത്തുള്ള കാളിന്ദി

### സുപ്രധാനമായ ആനത്താരകൾ

ഇന്ന് ലോകത്ത് ബാക്കിയായിരിക്കുന്ന ഏഷ്യൻ ആനകളിൽ 60 ശതമാനവും ഇന്ത്യയിലാണ്. വ്യത്യസ്ത ഭൂഭാഗങ്ങളിലായി പരന്നുകിടക്കുന്ന രാജ്യത്തെ വനങ്ങളിൽ 27,000-ത്തിനും 30,000-ത്തിനും ഇടയിലാണ് കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി ആനകളുടെ എണ്ണം. Wildlife Trust of India(WTI)യുടെയും Asian Nature Conservation Foundation(ANCF)ന്റെയും നേതൃത്വത്തിൽ വിവിധ സംസ്ഥാനങ്ങളിലെ വനംവകുപ്പുകളുമായും പ്രോജക്ട് എലിഫന്റുമായും ചേർന്ന് 'Right of Passage: Elephant Corridors of India' 2005-ലാണ് പ്രസിദ്ധപ്പെടുത്തുന്നത്. ആനത്താരപഠനങ്ങൾക്കു ജീവൻവെച്ചത് 88 ആനത്താരകളെക്കുറിച്ചുള്ള സമഗ്രവിവരങ്ങൾ സംയോജിപ്പിച്ച ഈ പഠനം പ്രസിദ്ധപ്പെടുത്തിയതോടെയായിരുന്നു. പിന്നീട് പലഘട്ടങ്ങളിലായി പുതുക്കി രേഖപ്പെടുത്തിയ 150 ആനത്താരകളിൽ ഏഴ് ആനത്താരകളാണ് കേരളവുമായി ബന്ധപ്പെട്ടുനിൽക്കുന്നത്. തിരുനെല്ലി-കുദ്രക്കോട്, കൊട്ടിയൂർ-പെരിയ, പെരിയ-പക്രന്തളം, നിലമ്പൂർ-അപ്പൻകാപ്പ്, നിലമ്പൂർ കോവിലകം-ന്യൂ അമരമ്പലം എന്നിവ പൂർണമായും കേരളത്തിനുള്ളിലാകുമ്പോൾ, ബേഗൂർ-ബ്രഹ്മഗിരി (കർണാടക-കേരളം), മുതുമലൈ-നിലമ്പൂർ വഴി ഒ-വാലി (തമിഴ്നാട്-കേരളം) എന്നി രണ്ട് ആനത്താരകൾ അയൽസംസ്ഥാനങ്ങളുമായി ഇഴചേർന്നുനിൽക്കുന്നു.





തിരുനെല്ലി ഭാഗത്തുനിന്ന് തോൽപ്പെട്ടി-കർണാടക ഭാഗത്തേക്ക് റോഡ് മുറിച്ച് കടന്നുപോകുന്ന കൊമ്പൻ.

**കേരള-കർണാടക അതിർത്തിയായ കൂട്ടയിലെ സ്വകാര്യ എസ്റ്റേറ്റുകൾക്കിടയിലൂടെയുള്ള 400 മീറ്ററോളം മാത്രമുള്ള വിടവിലൂടെയായിരുന്നു കർണാടക നാഗർഹോളെ ഭാഗങ്ങളിൽനിന്നുള്ള ആനകൾ ബ്രഹ്മഗിരിഭാഗങ്ങളിലേക്കും അവിടങ്ങളിലെ പുൽമേടുകളിലേക്കും പ്രധാനമായും കടന്നുപോയിക്കൊണ്ടിരുന്നത്.**

തിരുനെല്ലി കുദ്രക്കോട് ആനത്താരയുടെ പ്രധാന ഭാഗങ്ങളിലൊന്ന്



### ബേഗൂർ- ബ്രഹ്മഗിരി ആനത്താര

കേരള-കർണാടക അതിർത്തിയായ കൂട്ടയിലെ സ്വകാര്യ എസ്റ്റേറ്റുകൾക്കിടയിലൂടെയുള്ള 400 മീറ്ററോളം മാത്രമുള്ള വിടവിലൂടെയായിരുന്നു കർണാടക നാഗർഹോളെ ഭാഗങ്ങളിൽനിന്നുള്ള ആനകൾ ബ്രഹ്മഗിരിഭാഗങ്ങളിലേക്കും അവിടങ്ങളിലെ പുൽമേടുകളിലേക്കും പ്രധാനമായും കടന്നുപോയിക്കൊണ്ടിരുന്നത്. എന്നാൽ, പതിറ്റാണ്ടുകളായുള്ള സഞ്ചാരപാതയിലെ എസ്റ്റേറ്റുകൾക്കും സെറ്റിൽമെന്റുകൾക്കും ഇലക്ട്രിക് ഫെൻസിങ് വന്നതോടെ ഈ പാത ഇന്ന് പൂർണമായും തടസ്സപ്പെട്ടുകഴിഞ്ഞു. എക്സൈസ് ചെക്ക് പോസ്റ്റ്, തട്ടുകടകൾ, ഓട്ടോസ്റ്റാൻഡ്, ബസ് ഷെൽട്ടർ തുടങ്ങി രാത്രിമുഴുവൻ തെളിഞ്ഞുനിൽക്കുന്ന ഹൈമാസ്റ്റ് ലൈറ്റും ഇലക്ട്രിക് ഫെൻസിങ്ങുകളുമാണ് ആനത്താരയിൽ കാണാനാവുക.

മുൻകാലങ്ങളിൽ ഈ വഴിയിലേക്ക് കൂട്ടമായെത്തിയിരുന്ന കാട്ടാനകൾ റോഡ് മുറിച്ചുകടക്കാനാവാതെ നെടുന്തണഭാഗങ്ങളിൽ ദിവസങ്ങളോളം അലഞ്ഞിരുന്നു. വഴിയിലുടനീളം തടസ്സങ്ങൾ നിറഞ്ഞതോടെ കൂട്ടമായുള്ള ഈ സഞ്ചാരങ്ങൾ ഏതാണ്ട് അവസാനിച്ചുകഴിഞ്ഞു. ഒരു കാട്ടാന മാത്രമാണ് സമീപകാലങ്ങളിൽവരെ പ്രദേശത്ത് എത്തിച്ചേർന്നിരുന്നത്. എത്ര പരിക്കേറ്റാലും ഒരു മനുഷ്യ ►

▶നെപ്പോലും ഉപദ്രവിക്കാതെ, കുട്ടയിലെ മീൻകടകൾക്കും തട്ടുകടകൾക്കും മുൻപിലൂടെ അലഞ്ഞിരുന്ന കാട്ടാനയെ പ്രദേശവാസികൾ വിളിക്കുന്നത് 'പൊട്ടൻ' എന്നായിരുന്നു. ബുദ്ധിയില്ലാത്തവനെന്ന അർഥത്തിൽ പ്രയോഗിക്കപ്പെടുന്ന പരിഹാസ്യപദങ്ങളിലൊന്ന്. അവസാന രണ്ടുനൂറ്റാണ്ടുകാലത്തെ പാരിസ്ഥിതികപശ്ചാത്തലങ്ങളിലേക്കു നോക്കുമ്പോൾ പൂർണമായും നിബിഡവനമായിരുന്നതും പിന്നീട് കാട് വെട്ടിവെളുപ്പിച്ചും വേട്ടനടത്തിയും ഘട്ടങ്ങളായി കാപ്പി വെച്ചുപിടിപ്പിച്ചതുമായ വനമേഖലയാണ് ഈ പ്രദേശങ്ങൾ. രാജ്യത്തെത്തന്നെ ഏറ്റവും കൂടുതൽ ആനവേട്ടകൾ നടന്നിരുന്ന കാരാപ്പൂർ-ബേഗൂർ പ്രവിശ്യയുടെ മറ്റൊരുഭാഗം. അന്തസ്സംസ്ഥാന വാഹനസഞ്ചാരം പതിന്മടങ്ങ് കൂടിയതോടെയും മനുഷ്യസാന്നിധ്യം വർധിച്ചതോടെയും സജീവപാത പൂർണമായും തടസ്സപ്പെട്ടു. മനുഷ്യവാസവും അനുബന്ധനിർമിതികളും അനുദിനം വർധിച്ചുകൊണ്ടിരിക്കുന്ന തോൽപ്പെട്ടി മിനി ടൗണായിക്കൊണ്ടിരിക്കുമ്പോൾ, വനമധ്യത്തിൽ ടൂറിസം നിർമിതികളും മാലിന്യവും കൂടി.



കൊട്ടിയൂർ-പേരിയ ആനത്താര

## തിരുനെല്ലി– കുദ്രക്കോട്ട് ആനത്താര

കർണാടക വനങ്ങളിൽനിന്ന് ബേഗൂർ-തോൽപ്പെട്ടി ഭാഗത്തിലൂടെ കടക്കാൻ സാധിക്കാത്ത ആനകൾ മുനീശ്വരൻ കുന്ന്, കൊട്ടിയൂർ എന്നീ പടിഞ്ഞാറൻ ഭാഗങ്ങളിലേക്ക് പ്രവേശിക്കേണ്ട പ്രധാന ഇടനാഴിയാണ് തിരുനെല്ലി-കുദ്രക്കോട്ട് ആനത്താര. തോൽപ്പെട്ടി മുതൽ അപ്പപ്പാറ വരേക്കും പൂർണമായും മനുഷ്യവാസ കേന്ദ്രമായപ്പോൾ, പനവല്ലിപാലത്തിനും അപ്പപ്പാററോഡിനും ഇടയിലുള്ള തേക്കിൻതോട്ടമായ 700മീറ്ററാണ് ഈ ആനത്താരയുടെ ബാക്കിയായുള്ളത്. ഈ സുപ്രധാന ഇടനാഴിയിൽ 34 ഏക്കറോളം ഭൂമി സ്വകാര്യഭൂമിയും റിസോർട്ടുമാണ്. ഇവിടെ കരകൗശല വസ്തുക്കൾ വിൽക്കുന്ന കടയും ആനത്താര ബോർഡും ഒന്നിച്ചുകാണാം. റിസോർട്ടിന് തൊട്ടുമുൻവശത്തുള്ള 70മീറ്റർ മാത്രമുള്ള നേരിയ ഇടനാഴിയിലൂടെയാണ് ആനകളും കടുവകളും പുള്ളിപ്പുലികളും ഉൾപ്പെടെ തിരുനെല്ലി ഭാഗത്തുനിന്ന് തോൽപ്പെട്ടി ഭാഗത്തേക്കും തിരിച്ചും സഞ്ചരിക്കുന്നത്. ഈ പാതയിലെ സുപ്രധാന താഴ്വാരമായിരുന്ന പുലയൻകൊല്ലി സെറ്റിൽമെന്റിലെ മുഴുവൻ കുടുംബങ്ങൾക്കും മറ്റൊരുഭാഗത്ത് ഭൂമിയും വീടും നൽകി 2010-ൽ പുനരധിവാസം നടത്തിയിരുന്നു. സമാനമായി പനവല്ലി 'എമ്മഡി'യിലും കോട്ടപ്പടിയിലും തെറ്റ് റോഡിനടുത്തുള്ള തിരുളക്കുന്നിലും പുനരധിവാസം നടത്തിയിരുന്നു. ഇതേവഴിയിൽ 12 ഏക്കർ വയൽ പനവല്ലി പാലത്തിന് സമീപം ആനത്താരയ്ക്കായി ഏറ്റെടുത്തിരുന്നു. 5520 ച.കി.മീറ്ററോളം വരുന്ന അതിവിസ്തൃതമായ നീലഗിരി ലാൻഡ്സ്കേപ്പിന്റെ വിസ്തൃതമായ തുടർച്ചകളിലൊരിടം എങ്ങനെയാണ് ഏതാനും മീറ്ററുകളുള്ള കുപ്പിക്കഴുത്തിലേക്ക് ചുരുങ്ങിയതെന്നത് വയനാടിന്റെ ഭൂവിനിയോഗ ചരിത്രപഠനത്തിൽ ഇവിടത്തെ ഭരണസംവിധാനങ്ങളും ഉദ്യോഗസ്ഥവൃന്ദങ്ങളും പഠിക്കേണ്ട ആദ്യ അധ്യായങ്ങളാണ്.

**കർണാടക വനങ്ങളിൽനിന്ന് ബേഗൂർ-തോൽപ്പെട്ടി ഭാഗത്തിലൂടെ കടക്കാൻ സാധിക്കാത്ത ആനകൾ മുനീശ്വരൻ കുന്ന്, കൊട്ടിയൂർ എന്നീ പടിഞ്ഞാറൻ ഭാഗങ്ങളിലേക്ക് പ്രവേശിക്കേണ്ട പ്രധാന ഇടനാഴിയാണ് തിരുനെല്ലി-കുദ്രക്കോട്ട് ആനത്താര.**

വാഹനങ്ങൾ രാവും പകലും കടന്നുപോകുന്ന തിരുനെല്ലി അമ്പലം റോഡ്, തിരുനെല്ലി-കുദ്രക്കോട്ട് ആനത്താരയുടെ ഏറ്റവും സജീവമായ ഇടനാഴിയാണ്. തിരുനെല്ലി ഭാഗത്തുള്ള ആനകൾക്ക് കടുത്ത വേനലിൽപ്പോലും കാളിന്ദിയുടെ താഴ്വാരത്തേക്ക് കാല് കുത്താനുള്ള ഒരൊറ്റ വഴിപോലും ബാക്കിനിർത്താത്ത ഭരണസംവിധാനമാണ് വയനാട്ടിലെ മനുഷ്യ വന്യജീവി സമ്പർക്കത്തെക്കുറിച്ച് 365 ദിവസവും പഠനം നടത്തിക്കൊണ്ടിരിക്കുന്നത്. ആയിരക്കണക്കിന് ഹെക്ടർ വനഭാഗത്തെ വേനലിലും വറ്റാത്ത ഏക ജലസാന്നിധ്യമാണ് കാളിന്ദി. വെയിൽ കൂടുമ്പോൾ ചുരംകയറിവരുന്ന ആയിരക്കണക്കിന് സഞ്ചാരികൾക്ക് കുളിച്ചർമാദിക്കാനും പാട്ടുവെച്ച് നൃത്തംചെയ്യാനും കാളിന്ദിയുടനീളം കൈയടക്കപ്പെടുമ്പോഴാണ്, കാടല്ലാതെ മറുവഴിയില്ലാത്ത വന്യജീവികൾ പുലയൻകൊല്ലിയിലും എമ്മഡിയിലും എടക്കോടും ബാക്കിയായ ചെറിയ ചതുപ്പുകളിൽ മുൻകാലുകൊണ്ട് മണല് കുഴിച്ച് ജലാംശം നക്കിയെടുക്കുന്നതെന്നോർക്കുക. കാളിന്ദിയുടെ തുടക്കത്തിൽ തന്നെ ചെക്ക്ഡാമുണ്ടാക്കി കടുംവേനലിലും കുടിവെള്ളമൂറ്റാൻ നമ്മൾക്ക് സാധിക്കുന്നത് ഇതേ കാട്ടാനകൾ കാലടികൊണ്ട് നിരന്തരം പുത്തനുറവകളെ കണ്ടെത്തുന്നതുകൊണ്ട് കൂടിയാണ്. ഈ കാഴ്ചകൾ കണ്ടെടുക്കേണ്ടവരുടെ അന്ധതയുടെ ഫലമാണ് വിദൂരങ്ങളിലുള്ള പാവപ്പെട്ട കർഷകർ ഒന്നടങ്കം ഇന്നനുഭവിക്കുന്നത്. പഴയകാലങ്ങളിൽ കാളിന്ദി മുറിച്ച് ദിനേന സഞ്ചരിക്കുന്ന വലിയ ആനക്കൂട്ടങ്ങളെക്കുറിച്ചുള്ള ഓർമകൾ പ്രദേശത്തെ മുതിർന്ന മനുഷ്യർ പറയുമ്പോൾ, കാളിന്ദിതീരത്തെ നെട്ടറയിലേക്കുള്ള റോഡ് സഞ്ചാരികളുടെ വാഹനങ്ങളാൽ നിറഞ്ഞിരുന്നു. നാപ്കിനുകളും പ്ലാസ്റ്റിക് പാത്രങ്ങളും അടിവസ്ത്രങ്ങൾപോലുമുപേക്ഷിച്ച് ആഹ്ലാദത്തോടെ നവസഞ്ചാരികൾ ചുരമിറങ്ങുമ്പോൾ, പാതമുറിഞ്ഞ കാട്ടാനകൾ ദുർഘടപാത താണ്ടി മറുഭാഗങ്ങളിലേക്ക് കുഞ്ഞുങ്ങളെയും കാലിലൊളിപ്പിച്ച് സാഹസികമായി ഒളിച്ചുപോകുന്നത് കാണാം.

## കൊട്ടിയൂർ–പേര്യ ആനത്താര

പേര്യ-പക്രന്തളം ആനത്താര





കൊട്ടിയൂർ ബോയ്സ് ടൗണിനും വരയാൽ ഫോറസ്റ്റ് സ്റ്റേഷനും പിറകിലായി വരുന്ന സുപ്രധാന പാതയാണ് കൊട്ടിയൂർ-പേര്യ ആനത്താര. വയനാട് ഭാഗങ്ങളിൽ നിന്നുള്ള ആനകളും കടുവകളും ഉൾപ്പെടുന്ന ജീവികൾ കണ്ണവം വനഭാഗങ്ങളിലേക്കും പെരിയ-പക്രന്തളം ആനത്താര വഴി പെരുവണ്ണാമൂഴി, മലബാർ വൈൽഡ് ലൈഫ് സാങ്ച്വറി മേഖലയിലേക്കും കടക്കേണ്ടുന്ന ഇടനാഴിയാണിത്. എന്നാൽ, കുത്തനെയുള്ള പാൽച്ചുരം റോഡിന്റെ അപകടകരമായ ഇറക്കം ആരംഭിക്കുന്നതിന് മുൻപായി, ബാവലിയുടെ പ്രധാന കൈവഴിയായ അരുവിക്ക് കുറുകെ ഇലക്ട്രിക് ഫെൻസിങ്ങിട്ടടച്ച 30 മീറ്റർ മാത്രമുള്ള ആനത്താരയാണ് ഇന്ന് ബാക്കിയുള്ളത്. അവിടെയാകട്ടെ പുതുതായി സ്ഥാപിക്കപ്പെട്ട സ്വകാര്യ അമ്യൂസ്മെന്റ് പാർക്കും തേയിലത്തോട്ടവും ഫാം ഹൗസും അനവധി വീടുകളുമുണ്ട്.

ബ്രഹ്മഗിരി ലാൻഡ് സ്കേപ്പിൽനിന്ന് സഞ്ചരിച്ചെത്തുന്ന കാട്ടാനകളും ഇതര വന്യജീവികളും തേയിലത്തോട്ടങ്ങളുടെയും തട്ടുകടകളുടെയും മുന്നിലാണ് എത്തിച്ചേരുക. കണ്ണവം, വിലങ്ങാട്, പെരുവണ്ണാമൂഴി വഴി മലബാർ വൈൽഡ്ലൈഫ് സാങ്ച്വറിയിലേക്ക് എത്താനുള്ള ഏക ഇടനാഴിയാണ് ഈ ആനത്താര. പടിഞ്ഞാറേക്കുള്ള വഴിയടഞ്ഞ ആനകൾ സ്വാഭാവികമായും വടക്കുകിഴക്കൻ ചരിവുകളിലേക്ക് സഞ്ചരിക്കാൻ നിർബന്ധിതമാകും. ബോയ്സ് ടൗൺ മുതൽ കൊട്ടിയൂരും കടന്ന് ആറളം വരേക്കുമുള്ള ബാവലിയുടെ കരയിലെ സങ്കീർണമായ 20km ദൂരം ആനകൾക്ക് ക്രോസ് ചെയ്യാനുള്ള ഒരു വിടവുപോലും ബാക്കിയില്ലാത്ത വിധം പാൽച്ചുരവും ശേഷം, മനുഷ്യവാസകേന്ദ്രങ്ങളും ചെറുതും വലുതുമായ പട്ടണങ്ങളുമാണ്. കൊട്ടിയൂർ ഉത്സ ▶

▶ വകാലത്ത് പതിനായിരക്കണക്കിന് വാഹനങ്ങളാണ് ഈ റോഡിലൂടെ കടന്നുപോകുന്നത്. ഈ മേഖലയിൽ തന്നെയാണ് പുതുതായി തവിഞ്ഞാൽ നെല്ലിയോടി ഉൾപ്പെടെ മൂന്നോളം റോഡുകൾ തുറക്കാനുള്ള ആവശ്യങ്ങളുയർന്നിട്ടുള്ളതും. വന്യജീവി സഞ്ചാരം നടക്കുന്ന മേഖലയിൽ റോഡ് തുറന്നാൽ പുതിയ സംഘർഷമേഖല കൂടിയാണ് തുറക്കപ്പെടുക. മറുവഴികളില്ലാതെ വടക്കൻ ഭാഗങ്ങളിലേക്ക് അഥവാ, ആറളം ഫാം വരെയുള്ള മേഖലകളിൽ എത്തിച്ചേരുന്ന ആനകളുടെ തുടർസഞ്ചാരശ്രമങ്ങൾ കൂടിയാണ് ആറളം ഫാം കേന്ദ്രീകരിച്ചുകൊണ്ടുള്ള കഴിഞ്ഞകാലങ്ങളിലെ മനുഷ്യബലികളായി മാറുന്നത്. പടിഞ്ഞാറൻ സമതലങ്ങളിലേക്ക് കടന്നെത്താനുള്ള ആനകളുടെ എല്ലാ ശ്രമങ്ങളും ആറളം ഫാമിലാണ് അവസാനിക്കുന്നതെന്നത് സങ്കീർണമായ ഈ വഴികളിലൂടെ സഞ്ചരിച്ചാലറിയാം. ഫാമിൽ എത്തിച്ചേരുന്ന ആനകൾക്ക് മറുഭാഗത്തുകൂടി കർണാടക വനങ്ങളിലേക്ക് സഞ്ചരിക്കാനാണെങ്കിൽ സാധ്യമായ ഇടനാഴികൾ ബാക്കിയില്ല. ആറളത്ത് നടക്കുന്ന സംവാദങ്ങളിൽ ഒരിക്കൽപ്പോലും കൊട്ടിയൂർ-പെരിയ ആനത്താരയുടെ ഗുരുതര നാശവും അതിന്റെ വീണ്ടെടുപ്പും വിഷയമാകാത്തതിന്റെ കാരണം എന്തായിരിക്കും?




ബ്രഹ്മഗിരിയുടെ താഴ്‌വാരത്തുള്ള നെട്ടറ

**പൂർണമായും ജനവാസപ്രദേശമായിമാറിയ ഇവിടങ്ങളിലൂടെ സഞ്ചരിക്കാനാവാത്ത മൃഗങ്ങൾ നിരന്തരം മറുവഴികൾക്കായി ശ്രമം നടത്തിക്കൊണ്ടിരിക്കുന്നതിന്റെ ഫലമായി വിദൂരങ്ങളിൽപ്പോലും വന്യജീവിപ്രശ്നങ്ങൾ സാധാരണമായി.**

ഈ ആനത്താരയുടെ മറുഭാഗമായ കണ്ണവത്ത് ജൂൺ ആദ്യവാരംതന്നെ ഇരുപതോളം ആനകളാണ് എത്തിയത്. ജനവാസകേന്ദ്രങ്ങളിൽനിന്ന് ആനകളെ അകറ്റാനായി വനംവകുപ്പധികൃതർ കിണഞ്ഞ് ശ്രമിക്കുകയാണ്. മിക്കഭാഗങ്ങളിലും ആദ്യമായി കാട്ടാനസാന്നിധ്യം ഉണ്ടായപ്പോൾ കൃഷിനാശവും സംഭവിച്ചു. പന്നിയോട്, വെളുമ്പം, കാണിയൂർ, ഇളമാങ്കൽ, പൊയിൽ ഭാഗങ്ങളിൽനിന്ന് തിരിച്ചുപോകണമെങ്കിൽ സാധ്യമായ എളുപ്പവഴി ആനത്താരയാണ്. വഴിയടഞ്ഞ് കണ്ണവത്തെത്തുന്ന ഈ കാട്ടാനകളെ പടക്കമെറിഞ്ഞ് ഓടിച്ചുവിടുമ്പോൾ കിഴക്കൻചരിവിലെ ഇതര ജനവാസമേഖലകളിലെത്തുകയും അവിടെനിന്ന് വീണ്ടും പടക്കമെറിഞ്ഞ് ഓടിക്കുകയും ചെയ്യുന്നു. രക്ഷപ്പെടാനായി ആനകൾ വിലങ്ങാട് ഉൾപ്പെടെയുള്ള മറ്റുദിക്കുകളിലേക്ക് വഴിതേടി ചെല്ലുമ്പോഴെല്ലാം ഓരോതവണയും പുതിയ സംഘർഷമായി ഇത് പരിണമിക്കുകയും 'ഓടിക്കൽ' തുടർന്നുകൊണ്ടിരിക്കുകയും ചെയ്യും. ആയിരക്കണക്കിന് ഏക്കർ ഭൂമി വികസനപ്രക്രിയകൾക്കുവേണ്ടി സംസ്ഥാനത്തുടനീളം ഏറ്റെടുക്കുമ്പോഴാണ് ആനത്താരകളിലെ സ്ഥലമേറ്റെടുപ്പ് ഇന്നും പൂർത്തിയാക്കാതിരിക്കുന്നത്. ഈ ആനത്താരയുടെ വീണ്ടെടുപ്പിന് 2008-10 കാലഘട്ടത്തിൽ കേന്ദ്രം പണം അനുവദിച്ചിട്ടും രണ്ട് ജില്ല കൾതമ്മിലുള്ള ഏകോപനം കാര്യക്ഷമമല്ലാത്തതിനാൽ ഏറ്റെടുക്കൽപ്രവൃത്തി മുന്നോട്ടുപോയില്ല. സി.ആർ.പി. കുന്നിൽനിന്ന് ആളുകളെ മാറ്റിപ്പാർപ്പിച്ചുകൊണ്ട് പ്രവൃത്തി ആരംഭിച്ചെങ്കിലും തുടർച്ചയുണ്ടായില്ല. അഞ്ചുഘട്ടങ്ങളിലായി പൂർത്തിയാക്കേണ്ടിയിരുന്ന പദ്ധതിയിൽ കണ്ണൂരിൽ 36.5 ഹെക്ടറിലെ 57 കുടുംബങ്ങളുടെയും വയനാട്ടിൽ 95 ഹെക്ടറിലെ 148 കുടുംബങ്ങളുടെയും പുനരധിവാസം ആവശ്യമാണെന്നാണ് അന്ന് കണ്ടെത്തിയത്. എന്നാൽ, Kerala Forest Research Institute (KFRI) ഉൾപ്പെടെയുള്ളവരുടെ ഒട്ടേറെ പഠനങ്ങളും പരിസ്ഥിതിമന്ത്രാലയത്തിന്റെ നിർദേശങ്ങളും നിലനിൽക്കെത്തന്നെ ഇവിടങ്ങളിൽ ഇന്നും പലവിധ നിർമാണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.



നാട്ടുകാണി ചുരത്തിൽ തേൻ പാറയ്ക്ക് സമീപം കുട്ടിയാനയെ മതിൽ കടക്കാൻ സഹായിക്കുന്ന പിടിയാന. സോഷ്യൽ മീഡിയകളിൽ പ്രചരിച്ച ചിത്രം

## പെരിയ– പക്രന്തളം

കുറ്റ്യാടിച്ചുരത്തിന്റെ ഏറ്റവും മുകളിലായുള്ള 200 മീറ്റർമാത്രം അടയാളപ്പെട്ട പെരിയ-പക്രന്തളം ആനത്താരയുടെ സ്ഥിതിയും വ്യത്യസ്തമല്ല. വടക്കുകിഴക്കൻ മേഖലകളിൽനിന്ന് പാലക്കാട് ഗ്യാപ് വരേക്കുമുള്ള പശ്ചിമഘട്ടത്തിന്റെ തുടർച്ചയുടെ ഭാഗമായ ഈ ആനത്താര ഏതാണ്ട് പൂർണമായും അടഞ്ഞ അവസ്ഥയിലാണ്. സ്വകാര്യഭൂമിയായി നിലനിന്നിരുന്നതും ആദ്യകാലങ്ങളിൽ നിരന്തരമായി ആനവേട്ടകൾ നടന്നിരുന്നതുമായ ഈ പാതയിൽ വില്ല പ്രോജക്റ്റുകളും തട്ടുകടകളും റിസോർട്ടുകളും ലോഡ്ജുകളും ഉൾപ്പെടുന്ന ഒട്ടേറെ നിർമിതികളും ഇന്ന് കാണാം. പൂർണമായും ജനവാസപ്രദേശമായിമാറിയ ഇവിടങ്ങളിലൂടെ സഞ്ചരിക്കാനാവാത്ത മൃഗങ്ങൾ നിരന്തരം മറുവഴികൾക്കായി ശ്രമം നടത്തിക്കൊണ്ടിരിക്കുന്നതിന്റെ ഫലമായി വിദൂരങ്ങളിൽപ്പോലും വന്യജീവിപ്രശ്നങ്ങൾ സാധാരണമായി. പെരുവണ്ണാമുഴിയും ചക്കിട്ടപ്പാറയും മീൻതുള്ളിയും കക്കയവും വാർത്തകളിൽ നിറയുന്നതിന്റെ കാരണം, ഇനിയും താഴ്വാരങ്ങളിൽമാത്രം അന്വേഷിച്ചാൽ ലഭിക്കില്ല. മട്ടിലയത്തെ സമതലപ്രദേശംമാത്രമാണ് ആനകൾക്ക് സഞ്ചാരയോഗ്യമായിട്ടുള്ളതെന്നിരിക്കെ ഇപ്പോഴും തുടർച്ചയായി നിർമിക്കപ്പെടുന്ന റിസോർട്ടുകളും അനുബന്ധ കെട്ടിടങ്ങളും കാണിക്കുന്നത് സുപ്രധാനമായ ഒരു വനബന്ധം എന്നേക്കുമായി മുറിഞ്ഞുകഴിഞ്ഞു എന്നുതന്നെയാണ്.

ചുരങ്ങളിൽ പെട്ടുപോകുന്ന കാട്ടാനകൾ പിന്നീട് ഇറങ്ങിപ്പോകാൻ വഴികളില്ലാതെ റോഡുകളിലൂടെ അലയേണ്ടിവരുന്നതാണ് നാടുകാണിയിലും നെടുംപൊയിലിലും കുറ്റ്യാടിയിലും കാണുന്നത്. വിലങ്ങാട് ഭാഗത്തുനിന്ന് തെക്കുകിഴക്കൻ ചരിവുകളിലേക്ക് പോകാൻ വന്യമൃഗങ്ങൾക്ക് ഒരു ബദൽമാർഗവും ബാക്കിയില്ല. ഈ സാഹചര്യങ്ങൾ നിലനിൽക്കെയാണ് വയനാട്ടിൽ ആനത്താരകളോട് ചേർന്ന് ഒട്ടേറെ റോഡുകൾ വീണ്ടും വരാനൊരുങ്ങുന്നത്. കൊട്ടിയൂർ-പെരിയ, പെരിയ-പക്രന്തളം ആനത്താരകൾ അടഞ്ഞതോടെയാണ്, കാട്ടാനകൾ കണ്ണവംവനങ്ങളിൽ കുരുങ്ങിനിൽക്കുന്നതെന്ന് വനംവകുപ്പ് ഉദ്യോഗസ്ഥർ തന്നെ സ്ഥിരീകരിക്കുന്നുണ്ട്.



തിരുനെല്ലി ക്ഷേത്ര റോഡ്


## വയനാടൻ കാടുകളുടെ ഗുരുതരശോഷണം

വയനാടൻ കാടുകളുടെ നാശം ചരിത്രപരമായി പലതലങ്ങളിലുള്ള വിശകലനങ്ങൾ ആവശ്യപ്പെടുന്ന ഒന്നാണ്. ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ നിയന്ത്രണത്തിലായതോടെ മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായ വയനാടൻ പ്രവിശ്യയുടെ നാശവും ആരംഭിച്ചു. സുപ്രധാനമായ ആവാസവ്യവസ്ഥയെ അപ്പാടെ വെട്ടിവെളുപ്പിച്ചാണ് ഇന്ന് കാണുന്ന തേയിലത്തോട്ടങ്ങളും കാപ്പിത്തോട്ടങ്ങളും തേക്കിൻകാടുകളും രൂപപ്പെടുത്തിയത്. സാമ്പത്തികവും സാമൂഹികവുമായ വളർച്ച ▶

▶യിൽ പിൽക്കാലങ്ങളിൽ ഇത് പശ്ചാത്തലമായെങ്കിലും, ആദിവാസികളുറ്റപ്പെടുന്ന കീഴ്ത്തട്ടിലുള്ള മനുഷ്യരുടെ സാമൂഹികവികാസം ഇതിലൂടെ സാധ്യമായില്ല. എന്നുമാത്രമല്ല, വയനാടൻവനങ്ങളുടെ തുണ്ടുവത്കരണത്തിനുള്ള അടിത്തറയായി ഇത് മാറി.

സംഘർഷാത്മകമായ മനുഷ്യ-വന്യജീവി സമ്പർക്കത്തിന് ഒറ്റവരിയിൽ ഉത്തരം വേണമെന്ന് ശഠിക്കുന്നവർ, വിസ്തൃതമായ വനമേഖലകൾ ഏതാനും മീറ്ററുകളുള്ള ഔദാര്യങ്ങളായിമാറിയത് ചർച്ചചെയ്യാറില്ല. വെട്ടിച്ചുട്ടതിന്റെയും മലയിടുക്കിൽ കുരുക്കി മസ്തകം പിളർന്നതിന്റെയും, കുഴികളിലേക്കമർന്ന് ചങ്ങല പുതച്ചതിന്റെയും ജനിതക ഓർമ്മയെക്കൂടി സങ്കല്പിക്കുമ്പോഴേ, പതിനായിരക്കണക്കിൽനിന്ന് രണ്ടായിരത്തിൽ താഴെയായി ചുരുങ്ങുന്ന കരയിലെ ഏറ്റവും വലിയ ജീവിവർഗത്തിന്റെ അതിജീവനശ്രമത്തിന്റെ ആഴം വ്യക്തമാകുകയുള്ളൂ.

അധിനിവേശസസ്യങ്ങളുടെ വ്യാപനം വയനാടൻകാടുകളുടെ ബാക്കിയിരിപ്പുള്ള ആരോഗ്യത്തെ കാര്യമായി നശിപ്പിച്ചുകഴിഞ്ഞു. സെന്നയുടെ നിർമാർജനം ഒരുവശത്ത് നടക്കുന്ന സമയത്തുതന്നെ കൂടുതലായി പുതിയ ഇനങ്ങൾ അതിവേഗം വ്യാപിക്കുകയുമാണ്. വയനാട് വന്യജീവിസങ്കേതത്തിന്റെ 344 ചതുരശ്ര കിലോമീറ്ററിനുള്ളിലെ 23 ശതമാനം ഭാഗത്തും സെന്ന പടർന്നുകഴിഞ്ഞു. 'Forest First' എന്ന സംഘടന തോൽപ്പെട്ടി റെയ്ഞ്ചിൽമാത്രം 700 ഏക്കർ സെന്നയാണ് ഇതുവരെയും നീക്കംചെയ്തത്. പുള്ളിയിലച്ചെടിയും അരിപ്പൂവും കമ്യൂണിസ്റ്റ് പച്ചയും നശിപ്പിച്ച കാടിന്റെ വിസ്തീർണംകൂടി കണക്കിലെടുക്കുമ്പോൾ അതിദയനീയമാണ് വയനാടൻ കാടുകളിലെ വന്യജീവികളുടെ ജീവപരിസരങ്ങൾ.



## ടൂറിസംവളർച്ചയെ വയനാട് ഭയപ്പെടണം

കഴിഞ്ഞ രണ്ടുദശകങ്ങൾക്കുള്ളിൽ അതിശയകരവും ആപത്കരവുമായ ടൂറിസംവളർച്ച ജില്ല കൈവരിച്ചിട്ടുണ്ട്. ടൂറിസംവകുപ്പിന്റെ കണക്കുപ്രകാരം 2025-ൽമാത്രം ആഭ്യന്തര ടൂറിസ്റ്റുകൾ ഉൾപ്പെടെ 13 ലക്ഷംപേർ വയനാട് സന്ദർശിച്ചിട്ടുണ്ട്. ബാണാസുര, കുറുവ, ചെമ്പ്ര, മീൻമുട്ടി, സൂചിപ്പാറ എന്നിവിടങ്ങളിലെ ഇക്കോടൂറിസം കേന്ദ്രങ്ങളിലേക്കുമാത്രം 2022-23 കാലയളവിൽ എത്തിച്ചേർന്നവരുടെ എണ്ണം 6,55,740 ആണ്. അതിദ്രുതം നഗരമായി വികസിച്ചുകൊണ്ടിരിക്കുന്ന മേപ്പാടിവഴിയാണ് അട്ടമലയിലേക്കും സൂചിപ്പാറയിലേക്കും 900 കണ്ടിയിലേക്കും ചൂരൽമലദുരന്തം നടന്ന മേഖലയിലേക്കുമുള്ള പതിനായിരക്കണക്കിന് യാത്രികർ എത്തിച്ചേരേണ്ടത്. ബൈക്കിൽ സഞ്ചരിച്ച യുവതി കാട്ടാനയാൽ കൊല്ലപ്പെട്ടത് ആഴ്ചകൾക്കുമുൻപ് ഇതേ മേഖലയിലെ കള്ളാടിയിലായിരുന്നു.

**കഴിഞ്ഞ രണ്ടുദശകങ്ങൾക്കുള്ളിൽ അതിശയകരവും ആപത്കരവുമായ ടൂറിസംവളർച്ച ജില്ല കൈവരിച്ചിട്ടുണ്ട്. ടൂറിസംവകുപ്പിന്റെ കണക്കുപ്രകാരം 2025-ൽമാത്രം ആഭ്യന്തര ടൂറിസ്റ്റുകൾ ഉൾപ്പെടെ 13 ലക്ഷംപേർ വയനാട് സന്ദർശിച്ചിട്ടുണ്ട്.**

ടൂറിസം വ്യാപനത്തോടെ വയനാട്ടിലെ റിസോർട്ടുകളും ഹോംസ്റ്റേകളും വർധിച്ചു. തദ്ദേശസ്വയംഭരണവകുപ്പ് 2500-ഓളം കേന്ദ്രങ്ങളിൽ നടത്തിയ പരിശോധനയിൽ പകുതിയോളം എണ്ണത്തിനും മതിയായ രേഖകൾ ഇല്ലെന്ന് കണ്ടെത്തിയിരുന്നു. പലതും മലയിടിച്ചിൽഭീഷണികളുള്ള മേഖലയിൽ അടിയന്തരസഹായം എത്തിക്കാൻ കഴിയാത്തവിധം ഉൾപ്രദേശങ്ങളിലാണെന്നും മിക്കവയും വന്യജീവിസഞ്ചാരത്തെ ഗുരുതരമായി തടസ്സപ്പെടുത്തുന്ന വിധത്തിലാണെന്നും കണ്ടെത്തിയിട്ടുണ്ട്. തമിഴ്നാട്ടിലെ സിഗൂർ പ്ലാറ്റോയിലെ ആനത്താരകളുമായി ബന്ധപ്പെട്ട് 2018-ലെ സുപ്രീംകോടതിവിധി ഈ അവസരത്തിൽ പ്രസക്തമാണ്. നീലഗിരി ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരം ആനത്താരയിൽ അനധികൃതമായി പ്രവർത്തിച്ചിരുന്ന റിസോർട്ടുകൾ 39 എണ്ണമായിരുന്നു. ഇതിൽ 27 എണ്ണത്തിനും റെസിഡെൻഷ്യൽ പെർമിറ്റ് മാത്രമാണ് ഉണ്ടായിരുന്നത്. വേണ്ടത്ര രേഖകൾ ഇല്ലാത്തതിനാൽ 39 റിസോർട്ടുകളും കോടതി പൂട്ടിക്കുകയുണ്ടായി. അതിനുശേഷം റിസോർട്ടുകൾക്ക് ചുറ്റും സ്ഥാപിച്ചിരുന്ന മുഴുവൻ ഇലക്ട്രിക് ഫെൻസിങ്ങുകളും മറ്റ് കെട്ടിടങ്ങളും പൊളിച്ചുമാറ്റി വന്യജീവിസഞ്ചാരം വനംവകുപ്പ് പുനഃസ്ഥാപിച്ചു. ആനത്താരകൾ വിസ്തൃതമായ വെറുമൊരു ഇടനാഴിമാത്രമല്ല, ഒരു ഇക്കോസിസ്റ്റത്തിന്റെയാകെ സന്തുലനത്തെ നിലനിർത്തുന്നവയാണെന്നും, താത്കാലികമായ പശ്ചാത്തലവികസനത്തെക്കാൾ പരിസ്ഥിതിയുടെ ദീർഘകാല നിലനിൽപ്പിനാണ് സമൂഹം മുൻഗണന നൽകേണ്ടതെന്നും വിധിയിൽ കോടതി അഭിപ്രായപ്പെട്ടത് ശ്രദ്ധേയമാണ്.

ആനകളുടെ സ്വാഭാവിക സഞ്ചാരപാതയിലെ ചതുപ്പുകളെല്ലാം കൃഷിയിടങ്ങളും താമസസ്ഥലങ്ങളും വ്യാപാരസ്ഥാപനങ്ങളും റിസോർട്ടുകളും ആയിമാറി. അവയുടെ യാത്രകൾ മുഴുവൻ തുണ്ടുവത്കരിക്കപ്പെട്ട കാടുകളിലൂടെയായി. കാട്ടിക്കുളത്തിന് സമീപം പത്തോളം കോട്ടേജുകളുള്ള ഒരു റിസോർട്ടിന്റെ അതിരുകൾ ആനകളും കടുവകളും സജീവമായി സഞ്ചരിക്കുന്ന ഉൾവനമാണ്. നാലുഭാഗവും കാട് ചുറ്റിനിൽക്കുന്ന ഉയർന്നപ്രദേശത്തെ ഏക ചതുപ്പുമേഖല ഒരു റിസോർട്ടിനുമുൻപിലെ വയൽപ്രദേശമാണ്. എന്നാൽ, ചുറ്റിലും കരിങ്കല്ലുകൾ പാകിയ ആനമതിലുള്ളതിനാൽ കൊടുംവേനലിലും ജലാംശം ബാക്കിയുള്ള വയലിലേക്ക് എത്തിച്ചേരാൻ ഒരു ജീവിക്കും  സാധ്യവുമല്ല.

**ടൂറിസം വ്യാപനത്തോടെ വയനാട്ടിലെ റിസോർട്ടുകളും ഹോംസ്റ്റേകളും വർധിച്ചു. തദ്ദേശസ്വയംഭരണവകുപ്പ് 2500-ഓളം കേന്ദ്രങ്ങളിൽ നടത്തിയ പരിശോധനയിൽ പകുതിയോളം എണ്ണത്തിനും മതിയായ രേഖകൾ ഇല്ലെന്ന് കണ്ടെത്തിയിരുന്നു.**



ചൂരൽമല മുണ്ടക്കൈ ദുരന്തം നടന്ന് ഏതാനും ദിവസങ്ങൾക്കു ശേഷം രാത്രിയിൽ പ്രദേശത്തെത്തിയ കാട്ടാനയുടെ കാൽപ്പാടുകൾ. പശ്ചാത്തലത്തിൽ ദുരന്തമേഖലയിൽ തിരച്ചിൽ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്ന ജെസിബികളും കാണാം.

ഒരു ഏപ്രിൽപ്രഭാതത്തിൽ പിടിയാനയും ഒരുവയസ്സോളംമാത്രം പ്രായമുള്ള കുട്ടിയാനയും ഏറെനേരം വയലിലേക്ക് നോക്കിനിൽക്കുന്നത് കാണുകയായിരുന്നു. കാട്ടിൽനിന്നുള്ള ഉറവ മതിലിനടിയിലെ കൈപ്പത്തിവലുപ്പമുള്ള ദ്വാരത്തിലൂടെ നേരിയ ഒഴുക്കായി വയലിലെ കുളത്തിൽ നിറയുന്നുണ്ട്. മതിലിനപ്പുറത്തേക്ക് ചെല്ലാനാവാതെ, കാലുകൊണ്ട് ചെറിയ കുഴികളുണ്ടാക്കി അതിൽ നീര് നിറയാൻ കാത്തുനിൽക്കുന്ന മെലിഞ്ഞൊട്ടിയ ദേഹമുള്ള പിടിയാനയുടെയും നനഞ്ഞ മണ്ണിലേക്ക് ദയനീയമായി കുഞ്ഞുതുമ്പിക്കൈ ഉരസുന്ന കുട്ടിയാനയുടെയും ദൃശ്യം ഏത് വകുപ്പിന്റെയാണ് കണ്ണുതുറപ്പിക്കുക? ദിവസവും 150-200 ലിറ്ററോളം വെള്ളം കുടിക്കാറുള്ള ഒരു ജീവി ചെളിക്കുണ്ടിലെ ഒരുചിരട്ട വെള്ളം നിറയാൻ കാത്തുനിൽക്കുക!

ആനകളും പുള്ളിമാനുകളുമുൾപ്പെടുന്ന വന്യജീവികളെ ആകർഷിക്കാനായി വനാതിർത്തികളിലും റിസോർട്ട് ഭൂമിയിലും ഉപ്പുകുഴികൾ നിർമിക്കുന്നത് സാധാരണമായി. വനഭൂമിയിൽനിന്ന് മൃഗങ്ങളെ ആകർഷിക്കാനായി ഫെൻസിങ് അഴിച്ചിട്ട് പ്രത്യേകരീതിയിൽ വിന്യസിക്കുന്നതും റിപ്പോർട്ട്ചെയ്യപ്പെട്ടുതുടങ്ങി. ടോർച്ച് ലൈറ്റുകളുമായി സംരക്ഷിതവനത്തിനുള്ളിലൂടെ നടത്തുന്ന അനധികൃത ജീപ്പുസഫാരിക്ക് 4000 രൂപവരെ ▶

▶ഈടാക്കുന്നു. പ്രധാനമായും ആനകളെ ലക്ഷ്യമിട്ടുള്ള രാത്രിയാത്രകളുണ്ട്. 20-30 ജീപ്പുകൾവരെ വയനാടൻ വനമേഖലയിൽ നിരോധിതയാത്ര നടത്തുന്നുണ്ട്. ഇത്തരത്തിൽ പകർത്തിയ നൂറുകണക്കിന് വീഡിയോകൾ യൂട്യൂബിലും റിസോർട്ടുകളുടെ വെബ്സൈറ്റിലും ഇപ്പോഴും കാണാം. തിരുനെല്ലി-കുദ്രക്കോട്ട് ആനത്താരയിലാണ് കാടിനകത്ത് ഒൻപത് സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ച്, അതിൽ പതിഞ്ഞ കടുവയുൾപ്പെടെയുള്ള വന്യജീവികളുടെയെല്ലാം ദൃശ്യങ്ങൾ വെബ്സൈറ്റിലും യൂട്യൂബിലും പ്രദർശിപ്പിക്കുന്നതായി കണ്ടെത്തിയത്.

## ആനത്താരകളുടെ വീണ്ടെടുപ്പ്, കൃഷിയുടെയും കാടിന്റെയും വീണ്ടെടുപ്പ്

മരണത്തിനും ജീവിതത്തിനും ഇടയിലെ ഈഴബന്ധമായിരുന്നു വയനാടിന്റെ കൃഷിചരിത്രം. പട്ടിണിയും രോഗവും നിറഞ്ഞ ഭീതിയുടെ കാലത്തുനിന്ന് ഒരു സമൂഹത്തെ പുനരുജ്ജീവിപ്പിച്ചതിൽ കുടിയേറ്റജനതയ്ക്കും ഈ മണ്ണിനും കൃഷിക്കും കർഷകനുമുള്ള പങ്ക് സുപ്രധാനമാണ്. എന്നാൽ, കാടും കൃഷിയുമെന്ന പാരസ്പര്യം പിന്നീട് തകർക്കപ്പെട്ടു. കർഷകനെയും വനത്തെയും രണ്ട് ദ്വന്ദ്വങ്ങളിൽ ശത്രുതാപരമായി സ്ഥാപിക്കാനുള്ള ശ്രമങ്ങൾ വിജയിച്ചു.

ആനത്താരകൾ വീണ്ടെടുക്കാതെ വന്യജീവികളുടെ കാടിറക്കങ്ങൾ ഇല്ലാതാക്കുക അസാധ്യമാണ്. കെട്ടിടങ്ങൾക്ക് നടുവിലെ അമ്പതും നൂറും മീറ്ററുള്ള ദ്വാരങ്ങൾക്കുപകരം ഒന്നോ രണ്ടോ കിലോമീറ്റർ വരുന്ന സ്വതന്ത്രവനപാതകളാണ് അതിനായി സാധ്യമാക്കേണ്ടത്. ഏതാനും സ്വകാര്യഭൂമികളുടെ ഏറ്റെടുക്കൽപ്രക്രിയ നടപ്പാക്കാതെ, മറുഭാഗത്തെ തുടർസംഘർഷങ്ങൾക്കും മനുഷ്യമരണങ്ങൾക്കും ഉത്തരം കണ്ടെത്താനായി തലതല്ലുകയാണ് അധികാരകേന്ദ്രങ്ങൾ. ഗതാഗതം നിഷേധിക്കാനാവാത്ത പാതകളിലെല്ലാം വന്യജീവികൾക്ക് കടന്നുപോകാനുള്ള മേൽപ്പാതയുടെയോ അടിപ്പാതയുടെയോ സാധ്യതകൾ നമ്മുടെ സംസ്ഥാനവും ആലോചിച്ചുതുടങ്ങേണ്ടതുണ്ട്. തിരുനെല്ലി-കുദ്രക്കോട്ടിന്റെ പ്രധാനഭാഗമായ പുലയൻകൊല്ലി, എമ്മഡി, കോട്ടപ്പടി സെറ്റിൽമെന്റുകൾ ഏറ്റെടുത്ത് വർഷങ്ങൾ കഴിയുമ്പോൾ, ഈ മേഖലകൾ ബാഹ്യ ഇടപെടലുകളില്ലാതെ സദാസമയവും ആനകളും കടുവകളും കരടികളും സ്വതന്ത്രമായി വിഹരിക്കുന്ന സമൃദ്ധമായ കാടായി മാറിക്കഴിഞ്ഞെന്ന്, പ്രോജക്റ്റിന്റെ ഭാഗമായി പ്രവർത്തിച്ചിരുന്ന ബയോളജിസ്റ്റ് രമിത്ത് പയ്യന്നൂർ പറയുമ്പോൾ പുനരധിവാസം പ്രധാന മാർഗമാണെന്നുതന്നെയാണ് വ്യക്തമാകുന്നത്.

**ആനത്താരകൾ വീണ്ടെടുക്കാതെ വന്യജീവികളുടെ കാടിറക്കങ്ങൾ ഇല്ലാതാക്കുക അസാധ്യമാണ്. കെട്ടിടങ്ങൾക്ക് നടുവിലെ അമ്പതും നൂറും മീറ്ററുള്ള ദ്വാരങ്ങൾക്കുപകരം ഒന്നോ രണ്ടോ കിലോമീറ്റർ വരുന്ന സ്വതന്ത്രവനപാതകളാണ് അതിനായി സാധ്യമാക്കേണ്ടത്.**




വനംവകുപ്പിനൊപ്പം കൃഷി, റവന്യൂ, പരിസ്ഥിതി, ടൂറിസം, വൈദ്യുതി, ജലവിഭവം, ഗതാഗതം, പട്ടികജാതി-പട്ടികവർഗക്ഷേമം, എന്നിങ്ങനെയുള്ള ഒൻപത് വകുപ്പെങ്കിലും സംയുക്തമായി പ്രവർത്തിച്ചാൽമാത്രം സാധ്യമാകുന്ന, വനാതിർത്തികളിലെ സംഘർഷലഘൂകരണം വനംവകുപ്പിന്റെമാത്രം ഉത്തരവാദിത്വമാക്കി ചുരുക്കിക്കെട്ടുന്നതിലും ചിത്രീകരിക്കുന്നതിലും രാഷ്ട്രീയമായും സാമൂഹികമായും പാരിസ്ഥിതികമായും ദുർലക്ഷ്യമാണുള്ളത്. ഇതരവകുപ്പുകളെക്കാൾ പരിമിതമായ പശ്ചാത്തലസൗകര്യത്തിലും ഇരട്ടി സമ്മർദത്തിലും അപകടകരമായ സാഹചര്യത്തിലും മോശപ്പെട്ട കാലാവസ്ഥയിലും ജോലിയെടുക്കേണ്ടിവരുന്ന വനംവകുപ്പുജീവനക്കാർക്ക് പതിന്മടങ്ങ് സമ്മർദമുണ്ടാക്കുന്നതാണ്, വനാതിർത്തികളിൽ തുടർച്ചയായുണ്ടാകുന്ന സംഘർഷാത്മക സാഹചര്യങ്ങൾ. ആനക്കൂട്ടങ്ങളുടെ കാടിറക്കം തടയാൻ നിയോഗിക്കപ്പെടുന്ന താത്കാലിക







വാച്ചർമാർ യാതൊരു തൊഴിൽസുരക്ഷയോ ജീവസുരക്ഷയോ ഇല്ലാതെയാണ് ജോലിചെയ്യുന്നത്. വനപ്രദേശങ്ങൾക്ക് പുറത്തെത്തി കൃഷിവിളകൾ ഉപയോഗിക്കുന്ന ഒറ്റതിരിഞ്ഞ ആനകൾ, പ്രത്യേകിച്ച് പ്രായപൂർത്തിയായ കൊമ്പനാനകൾ സൃഷ്ടിക്കുന്ന നാശനഷ്ടങ്ങളാണ്, പൊതുസമൂഹത്തിൽ ആനകളെക്കുറിച്ചുള്ള പ്രതികൂല ധാരണകൾക്ക് പ്രധാനമായും കാരണമാകുന്നതെന്ന് വന്യജീവിഗവേഷകനായ ഡോ. അനൂപ് എൻ.ആർ. അഭിപ്രായപ്പെടുന്നു. ഇത്തരം സംഭവങ്ങൾ പലപ്പോഴും ഒരു ജീവിവർഗത്തെ മുഴുവനായും പ്രതികൂലമായി കാണുന്നതിനും മനുഷ്യ-ആന ബന്ധത്തിൽ അകൽച്ച വർധിപ്പിക്കുന്നതിനും ഇടയാക്കുന്നു.

കഴിഞ്ഞകാലങ്ങളിൽനിന്ന് വിഭിന്നമായി, നേരിട്ട് ജനങ്ങളിലേക്കിറങ്ങി കർഷകരുടെ പ്രശ്നങ്ങളിൽ നേരിട്ടിടപെട്ടും വനങ്ങളിൽ ജലലഭ്യത ഉറപ്പാക്കിയും വിത്തുകൾ നിക്ഷേപിച്ചും പാമ്പുകടി ഉൾപ്പെടെയുള്ള അപകടമരണങ്ങൾ ക്രമാനുഗതമായി കുറച്ചുകൊണ്ടുവന്നും അവസാന രണ്ടുവർഷം മാതൃകാപരമായി പ്രവർത്തിച്ച വനംവകുപ്പ് ആനത്താരകളുടെ വീണ്ടെടുപ്പ് അടിയന്തര ഉത്തരവാദിത്വമായി ഏറ്റെടുക്കാതെ നടത്തുന്ന വിഷയപരിഹാര ശ്രമങ്ങൾ അപൂർണമാകും. Elephant Corridors in India 2023 റിപ്പോർട്ട് പ്രകാരം 150 ആനത്താരകളിൽ പകുതിയെണ്ണവും പൂർണമായോ പാതിയോ നശിച്ചുകഴിഞ്ഞു. Elephant Population Estimation Report-ൽ ഡങ് കൗണ്ട് മെത്തേഡ് പ്രകാരം 2011-ൽ 7490 എണ്ണമുണ്ടായിരുന്ന കേരളത്തിലെ കാട്ടാനകളുടെ എണ്ണം ഇന്ന് 1920-ലാണ് എത്തിനിൽക്കുന്നത്.

ബ്ലോക്ക് കൗണ്ട് പ്രകാരമാണെങ്കിൽ ഇത് 1793 ആണ്. 2019 മുതൽ 2025 വരെയുള്ള കാലഘട്ടത്തിൽ 744 കാട്ടാനകളാണ് കേരളത്തിൽ ചരിഞ്ഞത്.

**ആനത്താരകളുടെ നാശവും കാടുകളുടെ തുടർച്ചയില്ലായ്മയും എത്ര ഗുരുതരമായ രീതിയിലാണ് മനുഷ്യ-വന്യജീവി സമ്പർക്കത്തെ വർധിപ്പിക്കുന്നതെന്നറിയാൻ, 'മനുഷ്യ-വന്യജീവി സംഘർഷത്തിൽ' ഒറ്റമൂലി ഇല്ലെന്ന് വിലയിരുത്തിയ വനംമന്ത്രി വയനാട്ടിലെ നാല് ആനത്താരകളിലും അടിയന്തര സന്ദർശനം നടത്തുന്നത് ഉചിതമാകും.**



അനധികൃത രാത്രിയാത്രയിൽ പ്രകോപനപരമായി ആനകളെ ചിത്രീകരിച്ച യൂട്യൂബ് വീഡിയോയിൽനിന്നുള്ള ദൃശ്യം

വയനാടൻ പരിസ്ഥിതിയുടെ സ്വാഭാവിക നിലനിൽപ്പിനുവേണ്ടിയുള്ള വാദങ്ങളെ, കർഷകവിരുദ്ധമാണെന്നും ജനവിരുദ്ധമാണെന്നും വികസനവിരുദ്ധമാണെന്നും വരുത്തിത്തീർക്കാൻ ചില സംഘടിതകേന്ദ്രങ്ങൾക്ക് കഴിഞ്ഞ കാലങ്ങളിൽ സാധിച്ചിട്ടുണ്ട്. പുത്തുമലയ്ക്കും ചൂരൽമലയ്ക്കും ശേഷവും സാധാരണക്കാരായ മനുഷ്യരെ തെറ്റിദ്ധരിപ്പിക്കുന്നതിൽ ഈ സഖ്യം പൂർണവിജയമാണെന്നത് അതിശയിപ്പിക്കും. വയനാടൻ പരിസ്ഥിതിക്കുവേണ്ടിയുള്ള വാദമെന്നാൽ, യഥാർഥത്തിൽ അവിടങ്ങളിൽ താമസിക്കുന്ന സാധാരണ മനുഷ്യരുടെ ജീവനും കുടിവെള്ളത്തിനും കൃഷിക്കും സ്വത്തിനും വേണ്ടിത്തന്നെയുള്ളതാണെന്ന് ആ മനുഷ്യരെങ്കിലും തിരിച്ചറിയേണ്ടതുണ്ട്.

ആനത്താരകളുടെ നാശവും കാടുകളുടെ തുടർച്ചയില്ലായ്മയും എത്രമാത്രം ഗുരുതരമായ രീതിയിലാണ് മനുഷ്യ-വന്യജീവി സമ്പർക്കത്തെ പതിന്മടങ്ങ് വർധിപ്പിക്കുന്നതെന്നറിയാൻ, 'മനുഷ്യ-വന്യജീവി സംഘർഷത്തിൽ' ഒറ്റമൂലി ഇല്ലെന്ന് വസ്തുതാപരമായും യുക്തിസഹമായും വിലയിരുത്തിയ വനംമന്ത്രി വയനാട്ടിലെ നാല് ആനത്താരകളിലും അടിയന്തര സന്ദർശനം നടത്തുന്നത് ഉചിതമാകും. ആനത്താരകളിലെ കാഴ്ചകളും മുറിഞ്ഞുപോയ കാടുകളും അദ്ദേഹത്തിന് വിഷയത്തിന്റെ ആഴവും അപകടവും ബോധ്യപ്പെടുത്തിനൽകും. ആകെ വനവിസ്തൃതിയുടെ ഒരുശതമാനംപോലും തികയാത്ത സ്വാഭാവിക വന്യജീവിസഞ്ചാരപഥങ്ങളെ ഇനിയെങ്കിലും അവയ്ക്ക് വിട്ടുനൽകിയില്ലെങ്കിൽ, ഈ മനുഷ്യബലികൾ നാളെയും തുടർന്നുകൊണ്ടേയിരിക്കും ■